**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംരംഭകർക്ക് മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ കെ ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ ഉയർത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. വഴി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **ഉണ്ട്.**<br><br>**സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിന്റെ ഭാഗമായി 25 ലക്ഷം മുതൽ 2 കോടി രൂപ വരെ വായ്പ ലഭിക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:**<br><br>**1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ.**<br><br>**ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്.**<br><br>**ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്പ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. മൊറട്ടോറിയം** |

| | | | |
|---|---|---|---|
| | | | **കാലാവധിയിൽ പലിശ കൃത്യമായി തിരിച്ചടയ്ക്കേണ്ടതാണ്.**<br><br>**പ്രസ്തുത വായ്പയ്ക്ക് അപേക്ഷിക്കുന്നവരുടെ പ്രായം 18 മുതൽ 50 വയസ്സ് വരെ ആയിരിക്കണം. വനിത, പട്ടികജാതി പട്ടിക വർഗ്ഗക്കാർ, എൻ ആർകെ വിഭാഗത്തിലുള്ളവർക്ക് അഞ്ചുവർഷത്തെ പ്രായപരിധി ഇളവ് ലഭിക്കുന്നതാണ്. വിദ്യാഭ്യാസയോഗ്യത, വരുമാനം എന്നിവയ്ക്ക് പ്രത്യേക മാനദണ്ഡങ്ങൾ ഇല്ല. വായ്പ അപേക്ഷകർക്കും കമ്പനിയുടെ പ്രമോട്ടർമാർക്കും സിബിൽ സ്കോർ 650ന് മുകളിൽ ആയിരിക്കണം. പ്രസ്തുത വായ്പ ലഭ്യമാക്കുന്ന സംരംഭങ്ങൾ കേരളത്തിൽ പ്രവർത്തനക്ഷമമാക്കുകയും പദ്ധതി ചെലവിന്റെ കുറഞ്ഞത് 20 ശതമാനം സംരംഭകൻ തന്റെ വിഹിതമായി കൊണ്ടുവരേണ്ടതുമാണ്. വസ്തു, കെട്ടിടം, മറ്റ് ആസ്തികൾ, കൊളാറ്ററൽ സെക്യൂരിറ്റി എന്നിവ പരിഗണിച്ചായിരിക്കും വായ്പ നിശ്ചയിക്കുക. പ്രസ്തുത വായ്പയുടെ അസറ്റ് കവറേജ് റേഷ്യോ 1 ആയിരിക്കണം. ഉടമസ്ഥരുടെ വ്യക്തിഗത ജാമ്യവും പ്രസ്തുത വായ്പയ്ക്കായി നൽകേണ്ടതാണ്.**<br><br>**2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ**<br><br>**നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. മൂന്നു വർഷമായി പ്രവർത്തിച്ചുവരുന്ന പ്രൊപ്രൈറ്ററി, പാർട്ട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനികൾക്ക് പ്രസ്തുത വായ്പ ലഭിക്കുവാനുള്ള അർഹതയുള്ളതായിരിക്കും. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. മതിയായ സെക്യൂരിറ്റിയും ഉടമസ്ഥരുടെ വ്യക്തിഗത ഗ്യാരണ്ടിയുടെയും പുറത്താണ് പ്രസ്തുത വായ്പ നൽകുന്നത്.** |
| (ബി) | സ്ത്രീകൾ, പട്ടികജാതി -പട്ടിക വർഗ്ഗക്കാർ, യുവ സംരംഭകർ എന്നിവർക്ക് പ്രത്യേക പരിഗണന നിർദ്ദേശിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതു വഴി സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭക രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ? | (ബി) | **ഉണ്ട്.**<br><br>**സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത്** |

കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിന്റെ ഭാഗമായി 25 ലക്ഷം മുതൽ 2 കോടി രൂപ വരെ വായ്പ ലഭിക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ.

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്.

ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്പ്രൂണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. മൊറട്ടോറിയം കാലാവധിയിൽ പലിശ കൃത്യമായി തിരിച്ചടയ്ക്കേണ്ടതാണ്.

പ്രസ്തുത വായ്പയ്ക്ക് അപേക്ഷിക്കുന്നവരുടെ പ്രായം 18 മുതൽ 50 വയസ്സ് വരെ ആയിരിക്കണം. വനിത, പട്ടികജാതി പട്ടിക വർഗ്ഗക്കാർ, എൻ ആർകെ വിഭാഗത്തിലുള്ളവർക്ക് അഞ്ചുവർഷത്തെ പ്രായപരിധി ഇളവ് ലഭിക്കുന്നതാണ്. വിദ്യാഭ്യാസയോഗ്യത, വരുമാനം എന്നിവയ്ക്ക് പ്രത്യേക മാനദണ്ഡങ്ങൾ ഇല്ല. വായ്പ അപേക്ഷകർക്കും കമ്പനിയുടെ പ്രമോട്ടർമാർക്കും സിബിൽ സ്കോർ 650ന് മുകളിൽ ആയിരിക്കണം. പ്രസ്തുത വായ്പ ലഭ്യമാക്കുന്ന സംരംഭങ്ങൾ കേരളത്തിൽ പ്രവർത്തനക്ഷമമാക്കുകയും പദ്ധതി ചെലവിന്റെ കുറഞ്ഞത് 20 ശതമാനം സംരംഭകൻ തന്റെ വിഹിതമായി കൊണ്ടുവരേണ്ടതുമാണ്. വസ്തു, കെട്ടിടം, മറ്റ് ആസ്തികൾ, കൊളാറ്ററൽ സെക്യൂരിറ്റി എന്നിവ പരിഗണിച്ചായിരിക്കും വായ്പ നിശ്ചയിക്കുക. പ്രസ്തുത വായ്പയുടെ അസറ്റ് കവറേജ് റേഷ്യോ 1 ആയിരിക്കണം. ഉടമസ്ഥരുടെ

| | | | |
|---|---|---|---|
| | | | **വ്യക്തിഗത ജാമ്യവും പ്രസ്തുത വായ്പയ്ക്കായി നൽകേണ്ടതാണ്.**<br><br>**2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ**<br><br>**നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. മൂന്നു വർഷമായി പ്രവർത്തിച്ചുവരുന്ന പ്രൊപ്രൈറ്ററി, പാർട്ട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനികൾക്ക് പ്രസ്തുത വായ്പ ലഭിക്കുവാനുള്ള അർഹതയുള്ളതായിരിക്കും. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. മതിയായ സെക്യൂരിറ്റിയും ഉടമസ്ഥരുടെ വ്യക്തിഗത ഗ്യാരണ്ടിയുടെയും പുറത്താണ് പ്രസ്തുത വായ്പ നൽകുന്നത്.** |

സെക്ഷൻ ഓഫീസർ